**യാക്കോബായ സുറിയാനി സഭയുടെ പ: എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സെക്രട്ടറിയും, മഞ്ഞനിക്കര തീർത്ഥാടക സമൂഹം മെത്രാപ്പോലീത്തായും ആയ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും:-**

**നമ്മടെ എല്ലാ പള്ളികളിലേയും ബഹുമാനപ്പെട്ട വികാരിമാരും, സഹ വികാരിമാരും, പള്ളിചുമതലക്കാരും, മഞ്ഞനിക്കര തീർത്ഥാടകസമൂഹം ഭാരവാഹികളും, ശേഷം ജനങ്ങളുമാകുന്ന നമ്മുടെ ആത്മീയ വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.**

**കർത്താവിൽ പ്രിയരേ,**

നിങ്ങളുടെ ഓരോരുത്തരുടേയും ക്ഷേമമാന്വേഷണങ്ങൾക്കുശേഷം സ്നേഹപൂർവ്വം നാം നിങ്ങളെ അറിയിക്കുന്നത്. ദൈവത്തിന്റെ മഹാവലിയ കരുണയാൽ പ:സഭ ഓരോ ദിവസവും കൂടുതലായി വളർച്ചയുടെ അനുഭവത്തിലായിരിക്കുന്നത് ഓർത്ത് വിനയപൂർവ്വം ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഫെബ്രുവരി മാസം 12,13 തീയതികളിൽ പ:സഭ ഒന്നടങ്കം മഞ്ഞനിക്കരയിൽ പ: ഏലിയാസ് ബാവായുടെ 78-ാമത് ദു:ഖറോനോ പെരുനാൾ കൊണ്ടാടുകയാണല്ലോ. ഈ പെരുന്നാളിനോടനുബന്ധിച്ച് നടത്തിവരാറുള്ള തീർത്ഥയാത്രയ്ക്കുള്ള ക്രമീകരണങ്ങൾ അതതു മേഖലകളുടെ ചുമതലയിൽ പൂർത്തിയാവുകയും ചെയ്തിരിക്കുന്നു. ഈ തീർത്ഥയാത്ര പ:സഭയുടെ മഹത്വത്തെ വിളിച്ചറിയിക്കുന്നതാകയാൽ, പൊതുജനമദ്ധ്യത്തിലൂടെ തീർത്ഥാടകർ കടന്നുപോകുമ്പോൾ ആത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങൾ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ നിർദ്ദേശപ്രകാരം തീർത്ഥാടകസമൂഹം മെത്രാപ്പോലീത്താ എന്ന നിലയിൽ നിങ്ങളെ ഏവരേയും അറിയിപ്പാൻ ദൈവാത്മാവ് നമ്മെ പ്രേരിപ്പിക്കുന്നു. ആയതിനാൽ പൊതുവായ ചില നിർദ്ദേശങ്ങൾ നൽകുന്നത് എല്ലാ തീർത്ഥാടകരും പൂർണ്ണമായി പാലിക്കണമെന്നും തീർത്ഥാടക സമൂഹത്തിന്റെ ചുമതലക്കാർ ഈ നിർദ്ദേശങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

**നിർദ്ദേശങ്ങൾ:**

1. മഞ്ഞനിക്കര തീർത്ഥയാത്ര ഒരു വിശുദ്ധ യാത്രയായിരിക്കുന്നതിനാലും, നമ്മുടെ നാട്ടിലെ ജനസമൂഹം ആ അർത്ഥത്തിൽതന്നെ ഈ തീർത്ഥയാത്രയോട് ഇടപെടുന്നതിനാലും, ഓരോ തീർത്ഥാടകരും വ്രതശുദ്ധിയോടെ, പ്രാർത്ഥനാപൂർവ്വം, അച്ചടക്കത്തോടെ ആയിരിക്കണം ഈ യാത്രയിൽ പങ്കെടുക്കേണ്ടത്. യാത്രയിൽ മാത്രമല്ല വിശ്രമവേളകളിലെ നമ്മുടെ സംസാരങ്ങളും മറ്റ് ഇടപെടലുകളും നോമ്പിന്റെ അനുഭവത്തിലുള്ളതാകുവാൻ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം.

2. ഈ യാത്രയിൽ പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും ഒന്നിച്ചണിനിരക്കുന്നു എന്നു മാത്രമല്ല മറ്റ് സമുദായങ്ങളിലെ അനേകം ആളുകളും പങ്കെടുക്കുന്നതിനാൽ പ:സഭയുടെ അന്തസ്സും അഭിമാനവും കളങ്കപ്പെടാത്ത രീതിയിൽ ആയിരിക്കണം സഭാ മക്കളുടെ ഇടപെടലുകൾ

3. മുൻവർഷങ്ങളെക്കാൾ കൂടുതലായി എല്ലാ റോഡുകളിലും എല്ലാ സമയത്തും ഗതാഗതം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ അപകട സാദ്ധ്യതകൾ വളരെ കുടുതൽ ഉള്ളതുകൊണ്ട് റോഡിന്റെ ഒരു വശം ചേർന്ന് മാത്രം തീർത്ഥാടകർ സഞ്ചരിക്കേണ്ടതാണ്. കൂട്ടമായി സഞ്ചരിക്കാതെ ലൈനായി യാത്രയിൽ പങ്കെടുത്താൽ ആയത് ഏറെ ഭംഗിയായിരിക്കും എന്നു മാത്രമല്ല അപകട സാദ്ധ്യതകൾ കുറയുകയും ചെയ്യുമല്ലോ.

4. തീർത്ഥാടകർ കടന്നു പോകുന്ന ഒരു സ്ഥലങ്ങളിലും പ്രത്യേകാൽ പട്ടണങ്ങളിൽ ഒരു കാരണവശാലും വാഹന ഗതാഗതത്തിന് തടസ്സങ്ങൾ ഉണ്ടാവാതെ യാത്ര ക്രമീകരിക്കണം.

5. തീർത്ഥയാത്രയിൽ ഉച്ചഭാഷിണികളുടെ ഉപയോഗം ഇപ്പോൾ വളരെ കൂടുതലായി അനുഭവപ്പെടുന്നല്ലോ. ഉച്ചഭാഷിണികൾ അടുത്തടുത്തു നിന്നു പ്രവർത്തിച്ചാൽ അന്തരീക്ഷ മലിനീകരണം കൂടുമെന്നല്ലാതെ തീർത്ഥാടകർക്ക് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. ആയതിനാൽ തീർത്ഥാടകർക്ക് പ്രയോജനപ്രദമായ നിലയിൽ ആയത് ക്രമീകരിക്കുകയും, നിയമാനുസരണം അനുവദിച്ചിരിക്കുന്ന സമയത്തുമാത്രം ഉപയോഗിക്കുകയും, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ, മരണവീടുകൾ എന്നിവയ്ക്കു ശല്യമുണ്ടാകാതെ ക്രമീകരിക്കുകയും ചെയ്യണം.